സെപ്റ്റംബർ 1999	-	23.81 ലക്ഷം രൂപ
ഒക്ടോബർ 1999	-	29.55 ലക്ഷം രൂപ
നവംബർ 1999	-	31.98 ലക്ഷം രൂപ
ഡിസംബർ 1999	-	30.88 ലക്ഷം രൂപ
ജനുവരി 2000	-	24.07 ലക്ഷം രൂപ

(സി)&(ഡി) ദോഷകരമായി ബാധിച്ചിട്ടില്ല. എന്നിരുന്നാലും സൂപ്പർമാർക്കറ്റിൽ, ഉപഭോക്താക്കൾക്കായി ചില സമ്മാന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഫുഡ് ഇൻസ്പെക്ടർമാരുടെ പരിശോധന

120(1608) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പഴകിയ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹോട്ടലുകളിലും റസ്റ്റാറന്റുകളിലും പരിശോധന നടത്തുന്നതിനും ഇതിന്റെ ഉടമകൾക്കെതിരെ കേസ്സെടുക്കുന്നതിനും ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുമോ;

(സി) നഗരങ്ങളിലും പട്ടണങ്ങളിലും ഹോട്ടലുകളിൽ മൂന്നു മാസത്തിലൊരിക്കൽ ഫുഡ് ഇൻസ്പെക്ടർമാർ പരിശോധന നടത്തണമെന്ന് നിർദ്ദേശം നൽകുമോ;

(ഡി) ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഫുഡ് ഇൻസ്പെക്ടർമാർക്ക് ചുമതല നൽകുമോ;

(ഇ) ഹോട്ടലുകൾ നടത്തുന്നതിനുമുമ്പ് ബന്ധപ്പെട്ട ഫുഡ് ഇൻസ്പെക്ടർമാരുടെ അനുമതി വാങ്ങണമെന്ന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മായം ചേർക്കൽ നിരോധന നിയമപ്രകാരം ഭക്ഷണ സാധനങ്ങളുടെ സാമ്പിൾ എടുക്കാനും പരിശോധനയ്ക്കയക്കാനും പരിശോധനയിൽ മായം ചേർത്തവയെന്നു റിപ്പോർട്ടു ചെയ്യപ്പെട്ടാൽ കേസ്സ് ചാർജ്ജ് ചെയ്യുവാനുമുള്ള അധികാരം ഫുഡ് ഇൻസ്പെക്ടർമാർക്കാണുള്ളത്.

(സി) നഗരങ്ങളിലും പട്ടണങ്ങളിലും ഹോട്ടലുകളിൽ പരിശോധന നടത്തേണ്ടത് അതാതു നഗരസഭയുടെ കീഴിലുള്ള ഹെൽത്ത് സ്കാഡുകളാണ്.

(ഡി) ഹോട്ടലുകളിൽ ശുചിത്വം പാലിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുവാൻ ഇപ്പോൾതന്നെ ആരോഗ്യ വകുപ്പിന്റെയും നഗരസഭയുടെയും ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഹോട്ടലുകൾ തുടങ്ങുന്നതിനുള്ള അനുമതിയും ലൈസൻസും നൽകുന്നതിനുള്ള അധികാരം ഉള്ളത്. മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് ഹോട്ടൽ തുടങ്ങാനുള്ള അനുമതി നൽകുന്നതിനുള്ള അധികാരം ഫുഡ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടില്ല.

അനിമൽ ഹസ്ബന്ററി പരിശീലനം കഴിഞ്ഞവരെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി സ്ഥിരപ്പെടുത്താൻ നടപടി

121(1609) ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനിമൽ ഹസ്ബന്ററി പരിശീലനം കഴിഞ്ഞ 405 പേരെയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായോ പാർടൈം കണ്ടിജൻസി ജീവനക്കാരായോ സ്ഥിരപ്പെടുത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരെ എൽ.എസ്.ഐ. തസ്തികയിൽ നിയമിക്കുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) നിലവിൽ എത്ര ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ വകുപ്പിൽ ഉണ്ട്;

(ഇ) പ്രസ്തുത സംവരണ കാറ്റഗറിയിൽ എണ്ണം തികയാതെ വന്നാൽ ബാക്കി വരുന്നതിൽ പ്രൊവിഷണൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) വകുപ്പിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർ ഇല്ല.

(ഇ) ഇല്ല.

ക്ഷീര കർഷകർക്കുവേണ്ടി ചെലവാക്കിയ തുക

122(1610) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ക്ഷീരോല്പാദനം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 6415.23 ലക്ഷം രൂപ.

(ബി) 19.3 ശതമാനം.

LIBRARY ARCHIVES Kerala Legislative Assembly